**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2562 — 9.7.2015 ൽ മറുപടിക്ക്

## ചാലക്കുടി താലൂക്ക് ഓഫീസ് കെട്ടിടം നിർമ്മാണം

| ചോദ്യം<br>ശ്രീ. ബി.ഡി.ദേവസ്സി | ഉത്തരം<br>അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) ഇപ്പോൾ റവന്യൂ വകുപ്പിനു കീഴിലുള്ളതും നേരത്തെ വ്യവസായ വകുപ്പിൽ നിന്നും ചാലക്കുടി മുനിസിപ്പാലിറ്റിക്കു കൈമാറി ക്കിട്ടിയതുമായ 'റീ ഫ്രാക്ടറീസ്' വക സ്ഥലത്ത് ചാലക്കുടി താലൂക്ക് ഓഫീസ് കെട്ടിടം നിർമ്മി ക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ചാലക്കുടി താലൂക്ക് ആഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) പ്രസ്തുത സ്ഥലം കൈമാറ്റം സംബന്ധിച്ച് സർക്കാരോ ചാലക്കുടി മുനിസിപ്പാലിറ്റിയോ എന്തെങ്കിലും നടപടികൾ ഇനിയും പൂർത്തിയാക്കാനുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) കിഴക്കേ ചാലക്കുടി വില്ലേജ് സർവ്വെ നമ്പർ 435/1, 437/1, 437/2 -ൽ ഉൾപ്പെട്ടു വരുന്ന യഥാക്രമം 0.5990 ഹെക്ടർ, 0.6556 ഹെക്ടർ, 0.2266 ഹെക്ടർ കൂടി ഒട്ടാകെ 1.4812 ഹെക്ടർ ഭൂമി രേഖകൾ പ്രകാരം റവന്യൂ പുറമ്പോക്കായി (ആപ്ലിൻ നഗരം-പുറമ്പോക്ക്) ആയി രേഖപ്പെടുത്തിയി ട്ടുള്ളതാണ്. പ്രസ്തുത സ്ഥലം കൊച്ചിൻ റീ ഫ്രാക്ടറീസ് എന്ന കമ്പനിക്കു വേണ്ടി വ്യവസായ വകുപ്പിന് കൈമാറിയി ട്ടുള്ളതാണ്. കൊച്ചിൻ റീ ഫ്രാക്ടറീസ് വർഷങ്ങളായി പ്രവർത്തനമില്ലാതെ അടഞ്ഞു കിടക്കുന്നതാണ്. മേൽപ്പറഞ്ഞ സ്ഥലത്താണ് താലൂക്കാഫീസ് നിർമ്മാണത്തിനായി രണ്ട് ഏക്കർ ഭൂമി കണ്ടെത്തിയിരിക്കുന്നത്. വ്യവസായ വകുപ്പിൽ നിന്നും ഭൂമിയുടെ കൈവശാവകാശം 2011-ൽ ചാലക്കുടി നഗരസഭയ്ക്ക് കൈമാറിയതായി അറിയുന്നതിനാൽ അതിന്റെ നിയമ സാധുത പരിശോധനാ വിഷയമാക്കേണ്ട തുണ്ട്. പദ്ധതി നിർവഹണത്തിന് വ്യവസായ വകുപ്പിൽ നിന്നും സമ്മതം ലഭിക്കേണ്ടതുണ്ട്. ആയതു ലഭ്യമാക്കി ഭൂമി റവന്യൂ വകുപ്പിന്റെ പരിപൂർണ്ണമായ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനുള്ള ഔപചാരിക നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ